ഉത്തരം

(എ) അംഗീകൃത സർവകലാശാല ബിരുദം.

(ബി) സംസ്ഥാന പി.എസ്.സി. വഴി നിയമിക്കുന്ന അസിസ്റ്റന്റ് തസ്തികയുടെ (സെക്രട്ടേറിയറ്റ്/പി.എസ്.സി. etc) അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 1-7-2011-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 21/2011/ഉ.ഭ.പ.വ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇല്ല.

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താല്ക്കാലിക നിയമനങ്ങളും സ്ഥിരപ്പെടുത്തലും

44 (3675) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താല്ക്കാലിക ഒഴിവുകളിലേക്കുള്ള നിയമനങ്ങളും പി.എസ്.സി പട്ടികയിൽ അർഹരായവരിൽ നിന്നായിരിക്കണം എന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലപാട് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പി. എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഏതെങ്കിലും വകുപ്പുകളിലോ സ്ഥാപനങ്ങളിലോ താത്ക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതു പി. എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ മറ്റ് മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി വിധികളോട് എപ്രകാരമാണ് യോജിച്ചു പോകുന്നത് ; അപ്രകാരമുള്ള നിയമനങ്ങളെല്ലാം റദ്ദാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിയമനത്തിന് തയ്യാറാക്കിയ ഹെൽപ്പർ/പ്യൂൺ റാങ്ക് ഹോൾഡേഴ്സ് വനിതാ അസോസിയേഷനു വേണ്ടി സെക്രട്ടറി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രലേഖ. എൽ ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത എച്ച്.ആർ.എം.പി. നമ്പർ 8886/2014-ലെ കമ്മീഷന്റെ 27-11-2014-ലെ നടപടി ക്രമത്തിൽ ബഹുമാനപ്പെട്ട് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾ അനുസരിച്ച് പി.എസ്. സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റു മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുവാൻ പാടില്ല, താല്ക്കാലികമായിട്ടാണ് നിയമനം നടത്തുന്നതെങ്കിലും പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽനിന്ന് എടുക്കാവുന്നതാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നെടുക്കരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമായി വിധിച്ചിട്ടുള്ളതാണ് എന്ന് നിർദ്ദേശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ നടപടി

45 (3676) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, പി.എസ്.സി. എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ ;

(ബി) നിലവിൽ ഏത് രീതിയിലാണ് നിയമനം നടക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) സബോർഡിനേറ്റ് സർവ്വീസിൽ നിയമിക്കുന്നതുമൂലം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലേക്ക് മറ്റ് ജില്ലകളിൽനിന്നും ഉള്ളവർക്കുള്ള അവസരം നിഷേധിക്കപ്പെടും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യംകൂടി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വരുമാനക്കാരായ ജീവനക്കാരെ കേരളാ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

164/2018

LIBRARY ARCHIVES Kerala Legislative Assembly